## പത്തനംതിട്ട ജില്ലയിലെ എല്ലാ പോലീസ് സ്റ്റേഷനുകളിലെയും തൊണ്ടിമുറികൾ ഇനിമുതൽ 'സ്മാർട്ട്'

ഗാന്ധിജയന്തി ദിനത്തിന് മുൻപേ ജില്ലയിലെ മുഴുവൻ പോലീസ് സ്റ്റേഷനുകളിലെയും തൊണ്ടി സാധനങ്ങൾ അടുക്കും ചിട്ടയുമാക്കി അവയിൽ QR Code പതിപ്പിച്ച് തൊണ്ടി മുറികൾ 'സ്മാർട്ട്' ആക്കിയ ആദ്യജില്ലയായി പത്തനംതിട്ട.

കഴിഞ്ഞ ആഗസ്റ്റ് 31 ന് പത്തനംതിട്ട പോലീസ് സ്റ്റേഷൻ സന്ദർശനവേളയിൽ സംസ്ഥാന പോലീസ് മേധാവി സ്റ്റേഷനിലെ QR Code പതിപ്പിച്ച് സ്മാർട്ട് ആക്കിയ തൊണ്ടി മുറി ഔദ്യോഗികമായി ഉദ്ഘാടനം ചെയ്തു. സ്മാർട്ട് തൊണ്ടിമുറിയുടെ ആശയത്തിൽ ജില്ലാപോലീസിനെ പ്രശംസിക്കുക മാത്രമല്ല, ഈ സംവിധാനം സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലേക്കും വ്യാപിപ്പിക്കുമെന്നും അദ്ദേഹം പ്രഖ്യാപിച്ചു.

ജില്ലാ പോലീസ് മേധാവി ജി. ജയ്ദേവ് IPS -ന്റെ ആശയം ജില്ലാ സൈബർ സെല്ലിലെ പോലീസ് ഉദ്യോഗസ്ഥരുടെ സഹകരണത്തോടെയാണ് നടപ്പാക്കിയത്. തൊണ്ടിമുതലുകളുടെ വിവരങ്ങൾ ശേഖരിച്ച് കമ്പ്യൂട്ടറിൽ രേഖപ്പെടുത്തുകയും തുടർന്ന് കേരള പോലീസിന്റെ ഓൺലൈൻ സംവിധാനമായ ക്രൈം ഡ്രൈവുമായി ബന്ധിപ്പിക്കുകയും പ്രസ്തുത കേസ്സിന്റെ അനുബന്ധവിവരങ്ങൾ ഉൾക്കൊള്ളിച്ച് സൃഷ്ടിച്ചെടുത്ത ക്യൂ ആർ കോഡ് എല്ലാ തൊണ്ടി മുതലുകളിലും പതിപ്പിക്കുകയും ചെയ്തു. ഇത്തരത്തിൽ തൊണ്ടിമുറിയിലുള്ള എല്ലാ വസ്തുകളിലും ക്യൂ ആർ കോഡ് പതിപ്പിച്ചശേഷം ശാസ്ത്രീയമായും ചിട്ടയായും ക്രമീകരിക്കുകയായിരുന്നു. ഇതോടെ മൊബൈൽഫോണിലെ ഏതെങ്കിലും ക്യൂ ആർ കോഡ് സ്കാനർ ഉപയോഗിച്ച് ഒരു തൊണ്ടിമുതലിലെ കോഡ് സ്കാൻ ചെയ്താൽ അതിനെ സംബന്ധിച്ച എല്ലാ വിവരങ്ങളും അറിയാൻ സാധിക്കുമെന്ന സ്ഥിതി സംജാതമായി.

സംസ്ഥാനത്തെ എല്ലാ പോലീസ് സ്റ്റേഷനുകളിലും ടി പദ്ധതി നടപ്പിലാക്കണമെന്ന് സംസ്ഥാന പോലീസ് മേധാവി നിർദ്ദേശിച്ചിട്ടുണ്ട്.